# പതിമൂന്നാം കേരളനിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.617** **29/06/2015-ൽ മറുപടിക്ക്**

## സ്മാർട്ട് സിറ്റി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബന്നി ബെഹനാൻ<br>" വി. പി. സജീന്ദ്രൻ<br>" ഹൈബി ഈഡൻ<br>" ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സ്മാർട്ട് സിറ്റി പദ്ധതിയുടെ 246 ഏക്കറിന്റെയും മാസ്റ്റർ പ്ലാനിന് സംസ്ഥാന പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റിയുടെ പാരിസ്ഥിതികാനുമതി ലഭ്യമായിട്ടുണ്ട്. സ്മാർട്ട് സിറ്റിയിലേക്കും സ്മാർട്ട് സിറ്റിക്കുള്ളിലേക്കും ആവശ്യമായ റോഡുകൾ, പാലങ്ങൾ, വൈദ്യുതി ജല ലഭ്യതയ്ക്കുള്ള മാർഗ്ഗങ്ങൾ, ജലശുദ്ധീകരണ സൗകര്യങ്ങൾ, മഴവെള്ള സംഭരണത്തിനുള്ള കുളങ്ങൾ, അതിർത്തി പ്രദേശങ്ങൾ, പാർക്കുകൾ, കളിസ്ഥലങ്ങൾ തുടങ്ങിയവയുടെ വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്തു. ഭാവിയിലുണ്ടാകാവുന്ന യാത്രാപ്രശ്നം പരിഹരിക്കുന്നതിന് വിശദമായ ട്രാഫിക് പഠനം നടത്തിക്കഴിഞ്ഞു. സ്മാർട്ട് സിറ്റിക്ക് പാട്ടത്തിന് നൽകിയ 246 ഏക്കറിൽ 232 ഏക്കറിനും പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭ്യമായിട്ടുണ്ട്. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നിന്നും വൈദ്യുതി വിതരണത്തിനുള്ള അനുമതി ലഭിച്ചിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; നിർമ്മാണ പ്രവർത്തനങ്ങളിൽ എത്ര മാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്; | (ബി) | പദ്ധതി നടത്തിപ്പിനായി സർക്കാർ തുകയൊന്നും അനുവദിച്ചിട്ടില്ല. 6.5 ലക്ഷം ച. അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. അതോടൊപ്പം തന്നെ മറ്റ് |

| | | | |
|---|---|---|---|
| | | | നിർമ്മാണ പ്രവർത്തനങ്ങളും നടന്നു വരുന്നു. ഏകദേശം 3.7 കി. മീ. നീളത്തിൽ റോഡ്, ഓടകൾ, കേബിൾ കുഴികൾ, കാക്കനാട് വില്ലേജിലെ സ്മാർട്ട് സിറ്റി ഭൂമിയും, ഇൻഫോപാർക്ക് റോഡുമായി ബന്ധിപ്പിക്കുന്ന പാലത്തിന്റെ നിർമ്മാണം നടന്നു വരുന്നു. പ്രാഥമിക ജലലഭ്യത ഉറപ്പാക്കി കഴിഞ്ഞു. ജലസംഭരണികൾ, ജലസംസ്കരണ പ്ലാന്റുകൾ, പൈപ്പ് ലൈനുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. |
| (സി) | സ്മാർട്ട്സിറ്റിയുടെ പൂർണ്ണ തോതിലുള്ള പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | സ്മാർട്ട് സിറ്റിയുടെ പ്രവർത്തനം ഘട്ടം ഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. 2021 ആകുമ്പോഴേക്കും പൂർണ്ണതോതിൽ പ്രവർത്തിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷ. |
| (ഡി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676 ൽ എന്തെല്ലാം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | സ്മാർട്ട് സിറ്റിയുടെ ആദ്യ ഐ.ടി. കെട്ടിട നിർമ്മാണം മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ